
# ചാത്തൻ ഇവിടെത്തന്നെയുണ്ട്

എസ്. ഉണ്ണികൃഷ്ണൻ

മുത്തച്ഛന്റെ
മനഃസാക്ഷിയായിരുന്നു ചാത്തൻ
പാടത്തു വരമ്പുവെച്ചും
കാളത്തേക്കു നടത്തിയും
നെല്ലിന്റെ ചിനച്ചുപൊട്ടുംപോലെ
ചാത്തൻ
ഒരു നല്ല വിളവിന്റെ കാലം
പുഞ്ചക്കാലം മുഴുവൻ
ചാത്തൻ
മനക്കൊടിക്കായലിലായിരുന്നു
കൊയ്ത്തുകഴിഞ്ഞാൽ
കറ്റ മെതിച്ചുതീരുംവരെ
കളത്തിലെ നിറഞ്ഞപൊലി
മുത്തച്ഛൻ മരിച്ചു
ചിതയമർന്നപ്പോൾ
പൂത്ത മുളയുടെ
വിത്തുകളോടൊപ്പം
ചാത്തനെയും കാറ്റുകൊണ്ടുപോയോ ?
ശൂന്യമായ ഏറുമാടവും
അഴുക്കുപിടിച്ച പോത്തുകളും
വിളക്കിൽ, വിളിയിൽ
അന്തിക്കള്ളിൽ
സാക്ഷി നിന്നു
പക്ഷെ മകരക്കൊയ്ത്തു കഴിഞ്ഞപ്പോൾ
പാടത്തു തനിയെ എള്ളു മുളയ്ക്കാൻ തുടങ്ങി



വയൽവരമ്പത്തെ
പാലമരച്ചുവട്ടിൽ
സന്ധ്യക്ക്, ഒരു ചെരാത്
തനിയെ കത്താൻ തുടങ്ങി
അമാവാസിയുടെ
കറുത്തപാടത്തിൽ
പാർപ്പിടങ്ങൾ നിറഞ്ഞപ്പോൾ
പാലമരവും പോയി
പക്ഷെ
വെളുത്തവാവിൽ
വീശുന്ന കാറ്റിൽ
ചില പിറുപിറുക്കൽ കേൾക്കാം
വിത്തെറിയുന്ന
വടിവൊത്ത കൈ കാണാം
കടവാതിൽ ചപ്പിയിടുന്ന
അടക്കയും കൂട്ടി
ആരോ വെറ്റില മുറുക്കിത്തുപ്പുമ്പോൾ
മുളപൊട്ടുന്ന വിത്തുകൾ
മണ്ണിനടിയിൽ
ചിരിക്കുന്ന ശബ്ദം കേൾക്കാം.